# 032/2023-M

Maximum : 100 marks

Time : 1 hour and 30 minutes

1. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് A വിഭാഗത്തിന് യോജിച്ചവ B വിഭാഗത്തിൽ നിന്നും കണ്ടെത്തി ചുവടെ നല്കിയിരിക്കുന്ന കോഡുകളിൽ നിന്നും ഉത്തരം കണ്ടെത്തുക :

| | A | | B |
|---|---|---|---|
| (a) | വൈകുണ്ഠ സ്വാമികൾ | (i) | ആത്മവിദ്യാസംഘം |
| (b) | അയ്യൻകാളി | (ii) | യോഗക്ഷേമസഭ |
| (c) | വാഗ്ഭടാനന്ദൻ | (iii) | സമത്വസമാജം |
| (d) | വി.ടി. ഭട്ടതിരിപ്പാട് | (iv) | സാധുജനപരിപാലനയോഗം |

Codes :

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iii) | (i) | (ii) | (iv) |
| (B) | (iv) | (ii) | (i) | (iii) |
| (C) | (iii) | (iv) | (i) | (ii) |
| (D) | (ii) | (i) | (iv) | (iii) |

2. താഴെ കൊടുത്തിരിക്കുന്നവയിൽ ബ്രിട്ടീഷുകാർക്ക് എതിരെ കേരളത്തിൽ നടന്ന കലാപങ്ങളിൽ ആദ്യത്തേത് ഏത്?
   (A) വേലുത്തമ്പിയുടെ കലാപം
   (B) ആറ്റിങ്ങൽ കലാപം
   (C) പഴശ്ശി കലാപം
   (D) കുറിച്യ കലാപം

3. തേഭാഗ സമരം ഏത് സംസ്ഥാനവുമായി ബന്ധപ്പെട്ട പ്രക്ഷോഭമാണ്?
   (A) ബംഗാൾ
   (B) തെലുങ്കാന
   (C) തമിഴ്നാട്
   (D) ബീഹാർ

4. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരവുമായി ബന്ധമില്ലാത്ത നേതാക്കന്മാർ ആരെല്ലാം?
   (A) റാണി ലക്ഷ്മീഭായ്, ബീഗം ഹസ്റത്ത് മഹൽ
   (B) താന്തിയാതോപ്പി, നാനാസാഹിബ്
   (C) കുൻവർ സിംഗ്, ഷാമൽ
   (D) സിദ്ദു, കാനു

5. 'The Last Judgement' (അന്ത്യവിധി) എന്ന കലാസൃഷ്ടി ആരുടേതാണ്?
   (A) മൈക്കേൽ എയ്ഞ്ചലോ
   (B) ലിയാനാർഡോ ഡാവിഞ്ചി
   (C) റാഫേൽ
   (D) ബ്രൂണലേഷി

6. 'ഇന്ത്യ ഗാന്ധിജിക്ക് ശേഷം' (India After Gandhi) എന്ന ഗ്രന്ഥത്തിന്റെ കർത്താവ് :

(A) എം.ജി.എസ്. നാരായണൻ
(B) രാമചന്ദ്രഗുഹ
(C) ഇർഫാൻ ഹബീബ്
(D) റോമില ഥാപ്പർ

7. ഉപദ്വീപിയ ഇന്ത്യയിലെ പടിഞ്ഞാറോട്ട് ഒഴുകുന്ന ഏറ്റവും വലിയ നദിയെ കുറിച്ചുള്ള പ്രസ്താവനകളാണ് താഴെ തന്നിരിക്കുന്നത് ഇതിൽ ശരിയായത് തിരിച്ചറിയുക :

(A) ഛത്തീസ്ഘട്ടിലെ മൈക്കാലാ മലനിരയിൽ നിന്ന് ഉൽഭവിക്കുന്നു
(B) ഇന്ദ്രവതി, ശബരി എന്നിവ പോഷക നദികളാണ്
(C) ഗാന്ധി സാഗർ ഡാം സ്ഥിതിചെയ്യുന്നു
(D) രാജസ്ഥാനിലൂടെ ഒഴുകുന്നു

8. സൈലന്റ് വാലി, ബൻഡിപൂർ, മുതുമലൈ എന്നീ ദേശീയോദ്യാനങ്ങൾ ഉൾപ്പെടുന്ന ജൈവമണ്ഡലം ഏത്?

(A) അഗസ്ത്യമല
(B) നീലഗിരി
(C) സുന്ദരവനം
(D) നന്ദാദേവി

9. 'മഞ്ഞു തിന്നുന്നവൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പ്രദേശികവാതം ഏത്?

(A) ഹർമട്ടൻ
(B) സിറോക്കോ
(C) മിസ്ട്രൽ
(D) ഫോൻ

10. ഭൗമോപരിതലത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ശിലകൾ :

(A) കായന്തരിത ശിലകൾ
(B) അവസാദ ശിലകൾ
(C) ആഗ്നേയ ശിലകൾ
(D) അന്തർവേദ ശിലകൾ

11. ജുമ്മിങ്ങ് കൃഷിരീതി ചെയ്തുവരുന്ന മോൻപാ, മിഷ്മി, നാഗാ ഗിരിവർഗ്ഗ വിഭാഗം കണ്ടുവരുന്ന ഹിമാലയൻ ഭാഗം ഏത്?

(A) അരുണാചൽ ഹിമാലയം
(B) കാശ്മീർ ഹിമാലയം
(C) ഡാർജലിംഗ് ഹിമാലയം
(D) ഉത്തരാഞ്ചൽ ഹിമാലയം

12. ഇന്ത്യയിലെ 'ജോഷിമഠ്' അടുത്ത കാലത്ത് വളരെ വാർത്താ പ്രാധാന്യം നേടിയ സ്ഥലമാണ് ഏത് സംസ്ഥാനത്തിലാണിത് സ്ഥിതിചെയ്യുന്നത്?

(A) ഉത്തർപ്രദേശ്
(B) ഹിമാചൽ പ്രദേശ്
(C) ഉത്തരാഖണ്ഡ്
(D) മദ്ധ്യപ്രദേശ്

13. താഴെ തന്നിരിക്കുന്നവ ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (1) | യൂണിവേഴ്സൽ ഫൈബർ | (a) | നെല്ല് |
| (2) | സെയ്ദ് | (b) | പരുത്തി |
| (3) | റാബി | (c) | പഴം |
| (4) | ഒറൈസ സറ്റൈവ | (d) | ഗോതമ്പ് |

(A) (1)-(b) (2)-(c) (3)-(d) (4)-(a)

(B) (1)-(c) (2)-(b) (3)-(d) (4)-(a)

(C) (1)-(b) (2)-(c) (3)-(a) (4)-(d)

(D) (1)-(c) (2)-(b) (3)-(a) (4)-(d)

14. 2023-24 ലെ ഇന്ത്യൻ ബജറ്റിൽ അമൃതകാലം (Amrit Kaal) എന്ന പേരിൽ ഏഴ് മുൻഗണനകൾ നല്കുന്നു. അതിൽ പെടാത്തത് ഇവയിൽ ഏതാണ്?

(A) ഹരിത വളർച്ച

(B) യുവശക്തി

(C) അടിസ്ഥാന വികസനവും നിക്ഷേപവും

(D) വിവരാവകാശം

15. നീതി ആയോഗ് (NITI Aayog) നെ സംബന്ധിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?

(I) ആസൂത്രണത്തിനുവേണ്ടി പ്ലാനിംഗ് കമ്മീഷനു പകരം നിലവിൽ വന്ന ഭരണ സംവിധാനം

(II) നീതി ആയോഗിന്റെ ആദ്യ അദ്ധ്യക്ഷൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമേദിയാണ്

(III) 2015 ജനുവരി 1 ന് നിലവിൽ വന്നു

(IV) നീതി ആയോഗിന്റെ ആസ്ഥാനം ഡൽഹിയാണ്

(A) (I), (III) ശരിയാണ്

(B) (I), (II), (III) ശരിയാണ്

(C) (I), (III), (IV) ശരിയാണ്

(D) (I), (II), (III), (IV) ശരിയാണ്

16. ആത്മനിർഭർ ഭാരത് അഭിയാൻ പദ്ധതിയിൽ താഴെ പറയുന്നവയിൽ ശരിയല്ലാത്തതേത്?

(A) 2020 മേയ് 12 ന് പ്രഖ്യാപിച്ചു

(B) ഇന്ത്യയുടെ GDP യുടെ 10% വരുന്ന പദ്ധതി

(C) കോവിഡ് മഹാമാരിയുടെ പശ്ചാത്തലം

(D) അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് വേണ്ടി മാത്രമുള്ളത്

17. താഴെ തന്നിരിക്കുന്നവ ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (1) | ജി.എസ്.ടി. ബിൽ നിലവിൽ വന്നു | (a) | 2005 ആഗസ്റ്റ് 23 |
| (2) | ആസൂത്രണ കമ്മീഷൻ രൂപീകരിച്ചു | (b) | 1950 മാർച്ച് 15 |
| (3) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം | (c) | 2017 ജൂലൈ 1 |
| (4) | ഒന്നാം പഞ്ചവത്സരപദ്ധതി ആരംഭിച്ചു | (d) | 1951 ഏപ്രിൽ 1 |

(A) (1)-(c) (2)-(b) (3)-(a) (4)-(d)
(B) (1)-(c) (2)-(a) (3)-(b) (4)-(d)
(C) (1)-(a) (2)-(b) (3)-(c) (4)-(d)
(D) (1)-(c) (2)-(d) (3)-(b) (4)-(a)

18. താഴെ തന്നിരിക്കുന്നവയിൽ നബാർഡു (NABARD) മായി ബന്ധമില്ലാത്തതേത്?

(A) കാർഷിക വികസനവും ഗ്രാമീണ വികസനവും
(B) 1980 ജൂലൈ 12 ന് സ്ഥാപിതമായി
(C) ആസ്ഥാനം മുംബൈ ആണ്
(D) ശിവരാമൻ കമ്മിറ്റി

19. ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സമിതി ഇന്ത്യൻ ഭരണഘടനയിലേക്ക് ബ്രിട്ടീഷ് ഭരണഘടനയിൽ നിന്നും കടമെടുത്ത സവിശേഷതകളിൽ പെടാത്തത് ഏത്/ഏവ?

(I) നീതിന്യായ പുനഃപരിശോധന
(II) അവശിഷ്ടാധികാരം
(III) നിയമവാഴ്ചയെന്ന ആശയം
(IV) പാർലമെന്ററി സമ്പ്രദായം

(A) (I), (III)
(B) (I), (IV)
(C) (I), (II)
(D) (III), (IV)

20. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ഉത്തരവുകളുമായി (Writs) ബന്ധപ്പെട്ട ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏവ?

(I) ഇന്ത്യയിലെ എല്ലാ കോടതികൾക്കും ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാരം ഉണ്ട്
(II) 'മാൻഡമസ്' എന്ന വാക്കിന്റെ അർത്ഥം "എന്ത് അധികാരത്തിൽ" എന്നാണ്
(III) ഹൈക്കോടതികൾക്ക് ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാരം നൽകുന്ന വകുപ്പാണ് 256
(IV) ഇന്ത്യൻ ഭരണഘടന അഞ്ചുതരം ഉത്തരവുകളെക്കുറിച്ച് പ്രതിപാദിക്കുന്നു

(A) (II), (IV)
(B) (IV)
(C) (I), (II), (III)
(D) (III)

21. മാർഗ്ഗനിർദ്ദേശക തത്ത്വങ്ങളുടെ ലക്ഷ്യത്തിൽ പെടാത്ത ആശയം / ആശയങ്ങൾ ഏവ?

(I) അന്തർദ്ദേശീയ സമാധാനം പരിപോഷിപ്പിക്കുക

(II) മതസ്വാതന്ത്ര്യം വർദ്ധിപ്പിക്കുക

(III) വിഭവങ്ങളുടെ തുല്യവിതരണം

(IV) ജീവിതനിലവാരം മെച്ചപ്പെടുത്തുക

(A) (II) (B) (II), (IV)
(C) (III), (IV) (D) (I), (IV)

22. ഇന്ത്യൻ ഭരണഘടനയിലെ ഭാഗം IV A യിൽ പ്രതിപാദിച്ചിരിക്കുന്ന മൗലിക കർത്തവ്യങ്ങളിൽ പെടാത്തത് ഏത് / ഏവ?

(I) സ്ത്രീകളുടേയും കുട്ടികളുടേയും അന്തസ്സിനും ആഭിജാത്യത്തിനും കളങ്കം വരുന്ന പ്രവർത്തനങ്ങളിൽ ഇടപെടാതിരിക്കുക

(II) നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുക

(III) വ്യക്തികൾ നികുതി അടയ്ക്കുക

(IV) രക്ഷകർത്താക്കൾ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുക

(A) (III), (IV) (B) (I), (III)
(C) (IV) (D) (III)

23. ഇന്ത്യൻ രാഷ്ട്രപതിയുടെ വിവേചനാധികാരത്തിൽ പെടാത്തത് ഏത് / ഏവ?

(I) ഒരു പാർട്ടിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ രാഷ്ട്രപതിക്ക് ഇഷ്ടമുള്ള വ്യക്തിയെ പ്രധാനമന്ത്രിയായി നിയമിക്കാം

(II) മന്ത്രിസഭയുടെ തീരുമാനം പുനഃപരിശോധനയ്ക്കായി രാഷ്ട്രപതിയ്ക്ക് തിരിച്ചയ്ക്കാം

(III) ലോകസഭയിൽ ഒരു പാർട്ടിക്ക് വ്യക്തമായ ഭൂരിപക്ഷം ഉണ്ടെങ്കിലും രാഷ്ട്രപതിക്ക് ഇഷ്ടമുള്ള വ്യക്തിയെ പ്രധാനമന്ത്രിയാക്കാം

(IV) അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാനുള്ള രാഷ്ട്രപതിയുടെ അധികാരം

(A) (III), (IV) (B) (II), (IV)
(C) (I), (II), (III) (D) (II), (III)

24. ഭരണഘടനയുടെ VII-ാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന 'അവശിഷ്ടാധികാരം' വുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ?

(I) സൈബർ നിയമങ്ങൾ അവശിഷ്ടാധികാരികൾക്ക് ഉദാഹരണമാണ്

(II) ഈ ആശയം കടമെടുത്തിരിക്കുന്നത് കാനഡയുടെ ഭരണഘടനയിൽ നിന്നുമാണ്

(III) 'മായം ചേർക്കൽ' അവശിഷ്ടാധികാരത്തിൽപ്പെടുന്നു

(IV) അവശിഷ്ടാധികാരത്തിൽ നിന്നും നിയമം നിർമ്മിക്കാനുള്ള അധികാരം ഗവണ്മെന്റിനാണ്

(A) (I), (III) (B) (II), (IV)
(C) (I), (II), (III) (D) (I), (II), (IV)

25. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ?
(I) 1979 ൽ സ്ഥാപിതമായി
(II) കേരളാ ഗവണ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനം
(III) ആസ്ഥാനം തിരുവനന്തപുരം പൂജപ്പുര
(IV) ശ്രീമതി ജയഡാളി എം.വി. ചെയർപേഴ്സൺ

(A) (I), (II)
(B) (II) (III)
(C) (I), (II), (III), (IV)
(D) (IV)

26. താഴെ തന്നിരിക്കുന്നവയിൽ തെറ്റായ ജോഡി കണ്ടെത്തുക :
(I) ആശാഭവൻ - മാനസികാരോഗം ഭേദമായവരുടെ പനരധിവാസം ലക്ഷ്യം
(II) മഴവില്ല് - ട്രാൻസ് ജെൻഡർ സമൂഹത്തിനുവേണ്ടിയുള്ള സമഗ്ര പദ്ധതി
(III) പരിരക്ഷാ പദ്ധതി - ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതിയാണ്
(IV) 1985 സെപ്തംബർ 9 - കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പ് നിലവിൽ വന്നു

(A) (IV)
(B) (III)
(C) (II)
(D) (I)

27. താഴെ തന്നിരിക്കുന്നവയിൽ ഇന്ത്യൻ ഭരണഘടനയിലെ ശരിയായ വകുപ്പ് ഏത്?
(I) വകുപ്പ് - 387 - ഭരണഘടനാ ഭേദഗതി
(II) വകുപ്പ് - 312 - രാജ്യസഭയുടെ പ്രത്യേക അധികാരം
(III) വകുപ്പ് - 301 A - സ്വത്തവകാശം നിയമപരമായ അവകാശം
(IV) വകുപ്പ് - 309 - പാർലമെന്റിന്റെ സംയുക്തസമ്മേളനം

(A) (I)
(B) (II)
(C) (III)
(D) (IV)

28. കേരള വനിതാ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന / പ്രസ്താവനകൾ ഏവ?
(I) 1996 - ൽ എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ആദ്യത്തെ കമ്മീഷൻ രൂപീകരിച്ചു
(II) ആദ്യത്തെ അദ്ധ്യക്ഷ സുഗതകുമാരി ആയിരുന്നു
(III) ഇപ്പോഴത്തെ അദ്ധ്യക്ഷ ശ്രീമതി പി. സതീദേവിയാണ്
(IV) ജസ്റ്റീസ്. ഡി. ശ്രീദേവി കേരള വനിതാ കമ്മീഷന്റെ അദ്ധ്യക്ഷസ്ഥാനം രണ്ടു തവണ വഹിച്ചിട്ടുണ്ട്

(A) (I), (IV)
(B) (I), (II), (III), (IV)
(C) (III), (IV)
(D) (II), (III), (IV)

29. താഴെ തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏത്?

(I) കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007 ൽ നിലവിൽ വന്നു

(II) ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്

(III) ദുരന്ത നിവാരണ അതോറിറ്റി നിലവിൽ വന്നപ്പോൾ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി ആയിരുന്നു

(IV) ദുരന്ത നിവാരണ അതോറിറ്റിയുടെ വൈസ് ചെയർമാൻ സംസ്ഥാന റവന്യൂ മന്ത്രി ആണ്

(A) (I) (B) (II)
(C) (III) (D) (IV)

30. താഴെ തന്നിരിക്കുന്നവയിൽ തെറ്റായ ജോഡിയേത്?

(I) ആങ് സാൻ സൂകി - ഭയത്തിൽ നിന്നുമുള്ള മോചനം

(II) നെൽസൺ മണ്ടേല - സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ദീർഘയാത്ര

(III) ഓബ്രെ മേനോൻ - 'ഞാൻ നാഥുറാം സംസാരിക്കുന്നു'

(IV) സൽമാൻ റഷ്ദി - സാത്താന്റെ വചനങ്ങൾ

(A) (I) (B) (II)
(C) (III) (D) (IV)

31. താഴെ തന്നിരിക്കുന്നവയിൽ ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

(I) ഇന്ത്യൻ ഭരണഘടന ദൃഢഭരണഘടനയാണ്

(II) ഇന്ത്യൻ ഭരണഘടന അയവുള്ള ഭരണഘടനയാണ്

(III) ഇന്ത്യൻ ഭരണഘടന ഭാഗികമായി അയവുള്ളതും ഭാഗികമായി ദൃഢവുമാണ്

(IV) ഭരണഘടനാ ഭേദഗതി ബിൽ ആദ്യം അവതരിപ്പിക്കേണ്ടത് ലോകസഭയിലാണ്

(A) (I) (B) (III)
(C) (II) (D) (IV)

32. വൻകുടലിൽ വസിക്കുന്ന ബാക്ടീരിയകൾ നിർമ്മിക്കുന്ന ജീവകം ഏത്?

(A) ജീവകം $B_3$ (B) ജീവകം E
(C) ജീവകം C (D) ജീവകം K

33. പ്രായമായവരിൽ ഈസ്ട്രജൻ ഹോർമോൺ കുറയുന്നതുമൂലം ഉണ്ടാകുന്ന അസ്ഥിരോഗം :

(A) റുമാറ്റോയിഡ് ആർത്രൈറ്റിസ് (B) ഓസ്റ്റിയോ പൊറോസിസ്
(C) ഗൗട്ട് (D) മയസ്തീനിയ ഗ്രാവിസ്

34. നട്ടെല്ലിലെ അറ്റ്ലസ്, ആക്സിസ് എന്നീ കശേരുകൾക്ക് ഇടയിലായി കാണപ്പെടുന്ന സന്ധി :

(A) ഗോളര സന്ധി (B) കീല സന്ധി
(C) പര്യാണ സന്ധി (D) വിജാഗിരി സന്ധി

35. ചിക്കുൻ ഗുനിയ രോഗത്തിന് കാരണമാകുന്ന രോഗാണു :
(A) ആൽഫാ വൈറസ്
(B) ഫ്ലേവി വൈറസ്
(C) റൈനോ വൈറസ്
(D) DEN-1 വൈറസ്

36. വംശനാശം സംഭവിച്ച ഹോമിനിനുകളുടേയും മനുഷ്യപരിണാമത്തിന്റേയും ജനിതക ഘടന സംബന്ധിച്ച പഠനം നടത്തിയ ശാസ്ത്രജ്ഞൻ :
(A) ഡേവിഡ് ജൂലിയസ്
(B) സ്വാന്റേ പാബോ
(C) ആർഡെം പറ്റാപുട്യൻ
(D) കരോളിൻ ബെർട്ടോസി

37. സംസ്ഥാനത്ത് അനീമിയ പൂർണ്ണമായും തുടച്ചുനീക്കുക എന്ന ലക്ഷ്യവുമായി ആരോഗ്യവകുപ്പ് നടപ്പാക്കുന്ന വിപുലമായ പ്രചാരണ പരിപാടി :
(A) പരിരക്ഷ
(B) വി-മിഷൻ
(C) വിവ കേരളം
(D) ആരോഗ്യ കേരളം

38. ഒരു വസ്തുവിന്റെ ചലനത്തിൽ ഘർഷണബലം ചെയ്യുന്ന പ്രവൃത്തി താഴെ സൂചിപ്പിക്കുന്നതിൽ ഏതാണ്?
(A) പോസിറ്റീവ്
(B) നെഗറ്റീവ്
(C) പൂജ്യം
(D) പ്രവചനാതീതം

39. ഭൂമിയിൽ നിന്നും ഒരു വസ്തുവിന് നൽകേണ്ട പാലായന പ്രവേഗം താഴെ സൂചിപ്പിക്കുന്നതിൽ ഏതൊക്കെയായും ബന്ധപ്പെട്ടിരിക്കുന്നു?
(i) വസ്തുവിന്റെ മാസ്
(ii) ഭൂമിയുടെ മാസ്
(iii) വസ്തുവിന്റെ ആരം
(iv) ഭൂമിയുടെ ആരം
(A) (i) & (ii) മാത്രം
(B) (iii) & (iv) മാത്രം
(C) (ii) & (iv) മാത്രം
(D) (i) & (iii) മാത്രം

40. 3/2 അപവർത്തനാങ്കമുള്ള ഒരു കോൺവെക്സ് ലെൻസിന് വായുവിൽ 20 cm ഫോക്കസ് ദൂരമുണ്ടെങ്കിൽ, 4/3 അപവർത്തനാങ്കമുള്ള ജലത്തിൽ എത്ര ഫോക്കസ് ദൂരമുണ്ടാകും?
(A) 26.67 cm
(B) 30 cm
(C) 40 cm
(D) 80 cm

41. 2022 നവംബറിൽ EOS-06 ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിച്ച PSLV റോക്കറ്റ് ഏതാണ്?
(A) PSLV C54
(B) PSLV C53
(C) PSLV C52
(D) PSLV C51

42. താഴെ പറയുന്നവയിൽ ലൂയിസ് സിദ്ധാന്തപ്രകാരം ആസിഡായി പരിഗണിക്കുന്നത് ഏത്?
(A) $NH_3$
(B) $AlCl_3$
(C) $H_2O$
(D) $Cl^-$

43. പൂരിത ലായനി അല്ലാത്തവയിൽ ഭിന്നാത്മക മിശ്രിതം എന്ന ഗണത്തിൽ വരുന്നത് :

(A) ഉപ്പ് വെള്ളം (B) കഞ്ഞി വെള്ളം

(C) എഥനോളും വെള്ളവും (D) പഞ്ചസാരയും വെള്ളവും

44. നിത്യേന അസിഡിക സ്വഭാവമുള്ളതും ആൽക്കലി സ്വഭാവമുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ കഴിക്കാറുണ്ടെങ്കിലും രക്തത്തിന്റെ pH സ്ഥിരമായി നിൽക്കാൻ കാരണം, രക്തം ഒരു ———— ലായനിയാണ്.

(A) ഐഡിയൽ (B) അതിപൂരിത

(C) പൂരിത (D) ബഫർ

45. അപ്പോളോ സ്പെയ്സ് പ്രോഗ്രാമിൽ ഉപയോഗിച്ച മൂലകത്തിന്റെ ജ്വലനഫലമായുണ്ടാകുന്ന ഊർജ്ജം ഭാവിയിലേയ്ക്കുള്ള ഇന്ധനമായി കണക്കാക്കപ്പെടുന്നു. പ്രസ്തുത മൂലകം ഏത്?

(A) ഹൈഡ്രജൻ (B) ഫോസ്ഫറസ്

(C) നൈട്രജൻ (D) കാർബൺ

46. മലയാളത്തിന്റെ ശാകുന്തളം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആട്ടക്കഥ ഏത്?

(A) ബകവധം (B) ഉത്തരാസ്വയംവരം

(C) നളചരിതം (D) കീചകവധം

47. എം. മുകുന്ദന് വയലാർ സാഹിത്യ അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?

(A) ദൽഹി (B) ദൈവത്തിന്റെ വികൃതികൾ

(C) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (D) കേശവന്റെ വിലാപങ്ങൾ

48. കേരള കലാമണ്ഡലം സ്ഥാപിതമായ വർഷം ഏത്?

(A) 1930 (B) 1931

(C) 1936 (D) 1934

49. 2018-ലെ ലോകകപ്പ് പുരുഷഹോക്കി മത്സരങ്ങൾക്ക് വേദിയായ ഇന്ത്യൻ നഗരം ഏത്?

(A) റാഞ്ചി (B) ഭുവനേശ്വർ

(C) അഹമ്മദാബാദ് (D) ഡൽഹി

50. കേരളത്തിലെ ഹയർ സെക്കന്ററി, ഹൈസ്കൂൾ എന്നീ സംവിധാനങ്ങളുടെ ഏകീകരണം ശുപാർശ ചെയ്ത കമ്മിറ്റി ഏത്?

(A) ലംബ്ബ കമ്മിറ്റി (B) ഖാദർ കമ്മിറ്റി

(C) ചെറിയാൻ കമ്മിറ്റി (D) വിജയാനന്ദ് കമ്മിറ്റി

51. $\frac{1}{5}+\frac{2}{5^2}+\frac{3}{5^3}$ ന്റെ ദശാംശരൂപം ഏത് ?

(A) 0.403 (B) 0.034

(C) 0.304 (D) 0.043

52. ഒരു സമാന്തരശ്രേണിയുടെ ആദ്യപദം 25 ഉം പൊതുവ്യത്യാസം 10 ഉം ആയാൽ ആദ്യത്തെ 20 പദങ്ങളുടെ തുക എത്ര?

(A) 2400 (B) 2300
(C) 2200 (D) 2500

53. 150 മീറ്റർ നീളമുള്ള തീവണ്ടി 90 കി.മീ. / മണിക്കൂർ വേഗത്തിൽ സഞ്ചരിക്കുന്നു. ഈ തീവണ്ടി 200 മീറ്റർ നീളമുള്ള ഒരു പാലം കടന്നുപോകാൻ എത്ര സമയം എടുക്കും?

(A) 12 സെക്കന്റ് (B) 13 സെക്കന്റ്
(C) 15 സെക്കന്റ് (D) 14 സെക്കന്റ്

54. ഒരു ത്രികോണത്തിലെ കോണുകൾ 1 : 3 : 5 എന്ന അംശബന്ധത്തിൽ ആയാൽ ഏറ്റവും വലിയ കോണിന്റെ അളവ് എത്ര?

(A) $100^\circ$ (B) $60^\circ$
(C) $20^\circ$ (D) $40^\circ$

55. ചതുരാകൃതിയിലുള്ള ഒരു ഇരുമ്പ് കട്ടയുടെ നീളം 25 സെ.മീറ്ററും വീതി 10 സെ.മീറ്ററും ഉയരം 4 സെ.മീറ്ററും ആണ്. ഇത് ഉരുക്കി ഒരു സമചതുരക്കട്ട ഉണ്ടാക്കിയാൽ ഒരു വശത്തിന്റെ നീളം എത്ര?

(A) 15 സെ.മീ. (B) 10 സെ.മീ.
(C) 20 സെ.മീ. (D) 5 സെ.മീ.

56. $(-1)^2 + (-1)^3 + (-1)^4 + (-1)^5 =$

(A) –1 (B) 1
(C) 0 (D) –4

57. $a + b = 28$, $b + c = 40$, $c + a = 32$ ആയാൽ $a + b + c$ വില എത്ര?

(A) 50 (B) 100
(C) 75 (D) 60

58. 2020 ഫെബ്രുവരി 5 മുതൽ മാർച്ച് 5 വരെ രണ്ടു ദിവസവും ഉൾപ്പെടെ എത്ര ദിവസം?

(A) 32 (B) 31
(C) 29 (D) 30

59. കൂട്ടത്തിൽ ബന്ധമില്ലാത്ത സംഖ്യ ഏത്?

111, 121, 132, 143, 154

(A) 111 (B) 121
(C) 143 (D) 154

60. ക്ലോക്കിൽ സമയം 2 മണി ആകുമ്പോൾ, മണിക്കൂർ സൂചിക്കും മിനിറ്റ് സൂചിക്കും ഇടയിലുള്ള കോൺ അളവ് എത്ര?

(A) $10^\circ$ (B) $30^\circ$
(C) $45^\circ$ (D) $60^\circ$

**61.** The ——————— part of the novel is quite interesting.

(A) latter (B) later

(C) latent (D) latest

**62.** The expanded form of CEO is :

(A) Chief Employee Officer

(B) Chief Employment Officer

(C) Chief Executive Officer

(D) Chief Employer of the Organisation

**63.** Nobody enjoyed the movie, ———————

(A) didn't they? (B) did they?

(C) had they? (D) isn't it?

**64.** It is better to keep sycophants :

(A) above all (B) in a nutshell

(C) at an arms length (D) in black and white

**65.** The week crept along ——————— slowly ——————— a snail.

(A) if - then (B) rather - than

(C) too - to (D) as - as

**66.** Pick out the wrong sentence :

(A) The teacher as well as the students has got into the bus

(B) Plenty of milk is available here

(C) Time and tide waits for no man

(D) The Manager with all his staff are attending the function

**67.** Pick out the wrongly spelt word :

(A) entrepreneur (B) hygiene

(C) assess (D) deligate

**68.** If a person cannot be defeated, he is called an ——————— person.

(A) immortal (B) invincible

(C) inimitable (D) infallible

**69.** Which word is not a synonym of 'lazy'?

(A) indolent (B) incessant

(C) slothful (D) idle

**70.** Pick out the Passive form of the sentence :
'Where did she hide the necklace?'

(A) Where did the necklace been hidden? (B) Where the necklace is hide?

(C) Where was the necklace hidden? (D) The necklace was hidden where?

71. ഒറ്റപ്പദം എഴുതുക :
അറിയാൻ ആഗ്രഹമുള്ള ആൾ

(A) പിപാസു
(B) പിപഠിഷു
(C) ജിജ്ഞാസു
(D) വിവക്ഷു

72. തുളസിദാസ രാമായണം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ആര്?

(A) എ.ആർ. രാജരാജവർമ്മ
(B) വള്ളത്തോൾ നാരായണ മേനോൻ
(C) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
(D) കുമാരനാശാൻ

73. ഒരു സ്ഥാനത്തെത്തിക്കുക എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ശൈലി ഏത്?

(A) കടവടുപ്പിക്കുക
(B) അകം കൊള്ളുക
(C) ശ്ലോകത്തിൽ കഴിക്കുക
(D) അകത്തൊതുക്കുക

74. പ്രാചി എന്ന വാക്കിന്റെ വിപരീതപദമായി വരുന്ന പദം ഏത്?

(A) മതീശ
(B) പ്രതീചി
(C) മരീചി
(D) മുചരി

75. ശാരിക എന്ന വാക്കിന്റെ പര്യായമല്ലാത്ത പദം ഏത്?

(A) കീരം
(B) ചകോരം
(C) ശുകം
(D) കിളി

76. വീട് + പണി - ചേർത്തെഴുതുക :

(A) വീട്ടുപണി
(B) വീടുപണി
(C) വീട്ടുപ്പണി
(D) വീട്ടിപ്പണി

77. കേമൻ - പിരിച്ചെഴുതുക :

(A) കേമം + അൻ
(B) കേമം + അവൻ
(C) കേ + അൻ
(D) കേമം + ആൻ

78. കർത്രി എന്ന പദത്തിന്റെ പുല്ലിംഗം എഴുതുക :

(A) കവി
(B) കർമ്മി
(C) കർത്താവ്
(D) കവയിത്രി

79. തമ്പി എന്ന പദത്തിന്റെ സ്ത്രീലിംഗരൂപം ഏത്?

(A) നങ്ങ
(B) തങ്ക
(C) തായ
(D) ജായ

80. സാമാന്യ ലിംഗ ബഹുവചന രൂപമായ അവ എന്നതിന്റെ ഏകവചനരൂപം താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ്?

(A) അവകൾ
(B) അത്
(C) അതുകൾ
(D) അപ്പോൾ

81. ഈ വാക്യങ്ങളിൽ ഏതാണ് ശരി?

(A) പന്ത്രണ്ട് വയസ്സിന് താഴെയുള്ള കുട്ടികൾ ചെയ്യുന്ന പ്രവൃത്തി കുറ്റകരമല്ല

(B) വരാനിരിക്കുന്ന ദ്രോഹത്തെക്കുറിച്ചുള്ള അറിവോടെയും എന്നാൽ ക്രിമിനൽ ഉദ്ദേശ്യമില്ലാതെയും ദോഷം തടയുന്നതിനുമായി നല്ല വിശ്വാസത്തോടെ ചെയ്യുന്ന ഒരു പ്രവൃത്തി കുറ്റകരമല്ല. ഇത് ഇന്ത്യൻ ഭരണഘടനയ്ക്ക് കീഴിലാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്

(C) ഭ്രാന്തമായ മനസ്സുള്ള ഒരു വ്യക്തി ചെയ്യുന്ന പ്രവൃത്തി, കുറ്റം ചെയ്യപ്പെടുന്ന സമയത്ത് അവന്റെ മാനസികാവസ്ഥ എന്തായിരുന്നാലും, കുറ്റമല്ല

(D) ഒന്നും ശരിയല്ല

82. എന്താണ് സ്ത്രീധന മരണം?

(A) വിവാഹം കഴിഞ്ഞ് ഏഴു വർഷത്തിനുള്ളിൽ ഒരു സ്ത്രീയുടെ മരണം സംഭവിക്കുകയാണെങ്കിൽ അത് സ്ത്രീധന മരണമായി കണക്കാക്കപ്പെടുന്നു

(B) സ്ത്രീധനവുമായി ബന്ധപ്പെട്ട പീഡനത്തിന്റെയും ക്രൂരതയുടെയും പേരിൽ വിവാഹം കഴിഞ്ഞ് ഏഴ് വർഷത്തിനുള്ളിൽ ഒരു സ്ത്രീയുടെ മരണം സാധാരണ ഗതിയിൽ അല്ലാത്ത വിധത്തിൽ സംഭവിക്കുകയാണെങ്കിൽ, അത് സ്ത്രീധന മരണമായി കണക്കാക്കപ്പെടുന്നു

(C) സ്ത്രീധനവുമായി ബന്ധപ്പെട്ട പീഡനത്തിന്റെയും ക്രൂരതയുടെയും പേരിൽ വിവാഹം കഴിഞ്ഞ് പന്ത്രണ്ടു വർഷത്തിനുള്ളിൽ ഒരു സ്ത്രീയുടെ മരണം സാധാരണ ഗതിയിൽ അല്ലാത്ത വിധത്തിൽ സംഭവിക്കുകയാണെങ്കിൽ, അത് സ്ത്രീധന മരണമായി കണക്കാക്കപ്പെടുന്നു

(D) മുകളിലുള്ളതൊന്നും സ്ത്രീധനമരണമല്ല

83. ഇവയിൽ ഏതാണ് ശരി?

(A) ഒരു വ്യക്തിയുടെ വസ്ത്രം അഴിക്കാൻ ബലപ്രയോഗം നടത്തുന്നതിനെ വോയറിസം എന്ന് വിളിക്കുന്നു. ഇത് ഐപിസി പ്രകാരം കുറ്റമാണ്

(B) സ്ത്രീകൾക്കും പുരുഷന്മാർക്കും എതിരായ ലൈംഗിക കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ ഇന്ത്യൻ ശിക്ഷാനിയമം നിർദ്ദേശിക്കുന്നു

(C) വിവാഹിതയായ സ്ത്രീയുടെ മാന്യതയെ അപമാനിക്കുന്നത് ഐപിസി പ്രകാരം കുറ്റകരമാണ്

(D) ബന്ധത്തിൽ ജീവിക്കുന്ന ഒരു സ്ത്രീയുടെ മരണം ഒരുമിച്ച് ജീവിച്ച് ഏഴ് വർഷത്തിനുള്ളിൽ സംഭവിക്കുകയാണെങ്കിൽ അത് ഐപിസി പ്രകാരം സ്ത്രീധന മരണമാണ്

84. കോമളം തന്റെ മാല പ്രിയ സുഹൃത്തായ ജാനകിക്ക് പണയം വെച്ചതിന് ശേഷം, അവരുടെ സമ്മതം കൂടാതെയും പണയപ്പണം തിരിച്ച് നൽകാതെയും പണയവസ്തു എടുത്തു കൊണ്ട് പോയി. ഐപിസി പ്രകാരം ഏത് കുറ്റമാണ് കോമളം ചെയ്തത്?

(A) തട്ടിപ്പ്
(B) മോഷണം
(C) കൊള്ളയടിക്കൽ
(D) നിസ്സാര തെറ്റുകൾ

85. കുറ്റകൃത്യത്തിന്റെ വ്യാഖ്യാനം എന്താണ്?

(A) ഇന്ത്യൻ ശിക്ഷാ നിയമത്തിൽ കുറ്റമായി നിർവ്വചിച്ചിരിക്കുന്ന പ്രവൃത്തികളെ മാത്രമേ കുറ്റകൃത്യങ്ങൾ എന്ന് വിളിക്കൂ

(B) പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ ശിക്ഷാർഹമായ പ്രവൃത്തി അല്ലെങ്കിൽ ഒഴിവാക്കൽ എന്നതിനേ കുറ്റകൃത്യം എന്ന് വിളിക്കുന്നു

(C) സിവിൽ നിയമപ്രകാരമുള്ള പ്രവൃത്തിയും കുറ്റകരമാണ്

(D) എല്ലാം ശരിയാണ്

86. സ്വകാര്യ വ്യക്തിയെക്കൊണ്ട് അറസ്റ്റ് ചെയ്യാവുന്ന സാഹചര്യങ്ങൾ ഏതെല്ലാമാണ്?

(A) ഒരു വ്യക്തി ഒരു സ്വകാര്യ വ്യക്തിയുടെ മുമ്പാകെ ജാമ്യമില്ലാ കുറ്റം ചെയ്യുക

(B) ഒരു വ്യക്തി ഒരു സ്വകാര്യ വ്യക്തിയുടെ മുമ്പാകെ പോലീസ് ഉദ്യോഗസ്ഥർക്ക് വാറന്റില്ലാതെ അറസ്റ്റ് ചെയ്യാൻ കഴിയുന്ന കുറ്റം ചെയ്യുക

(C) കുറ്റവാളിയായി പ്രഖ്യാപിച്ച വ്യക്തി

(D) മുകളിൽ പറഞ്ഞവയെല്ലാം ആവശ്യമാണ്

87. ക്രിമിനൽ നടപടിക്രമ കോഡ് പ്രകാരം ഇൻക്വസ്റ്റ് നടത്താൻ ഏതൊക്കെ മജിസ്ട്രേറ്റിന് അധികാരമുണ്ട്?

(A) ജില്ലാ മജിസ്ട്രേറ്റ്

(B) സബ് ഡിവിഷണൽ മജിസ്ട്രേറ്റ്

(C) ഇതിനായി സംസ്ഥാന സർക്കാരോ ജില്ലാ മജിസ്ട്രേറ്റോ പ്രത്യേകം അധികാരപ്പെടുത്തിയ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്

(D) മുകളിൽ പറഞ്ഞതെല്ലാം

88. ടൈപ്പ്റൈറ്റർ വിദഗ്ദ്ധന്റെ അഭിപ്രായം ഇന്ത്യൻ തെളിവ് ആക്ട്, 1872 പ്രകാരം സ്വീകാര്യമാണ്. ഈ നിഗമനത്തിലെത്താൻ കോടതി അംഗീകരിച്ച യുക്തി എന്ത്?

(A) ടൈപ്പ് റൈറ്റിംഗ് കൈയക്ഷരത്തിന്റെ പരിധിയിൽ വരുന്നു

(B) 'ടെലിഗ്രാഫ്' എന്നതിന് കീഴിൽ 'ടെലിഫോൺ' വരും

(C) ഇന്ത്യൻ തെളിവ് ആക്ടിൽ അത് വ്യക്തമായി പട്ടികപ്പെടുത്തിയിട്ടുണ്ട്

(D) ഉത്തരം (A) & (B)

89. ഇന്ത്യൻ തെളിവ് ആക്ടുമായി ബന്ധപ്പെട്ട് ഈ പ്രസ്താവനകളിൽ ഏതാണ് ശരി?

(A) ഇന്ത്യൻ തെളിവ് നിയമം ഒരു നടപടി ക്രമമല്ല

(B) ഇന്ത്യൻ പാർലമെന്റാണ് ഇന്ത്യൻ എവിഡൻസ് ആക്ട് ഉണ്ടാക്കിരിക്കുന്നത്

(C) ഇന്ത്യൻ എവിഡൻസ് ആക്ട് പ്രതികളുടെ അവകാശങ്ങൾ വ്യക്തമാക്കുന്നു

(D) മുകളിൽ പറഞ്ഞവയെല്ലാം തെറ്റാണ്

90. കമ്മ്യൂണിറ്റി പോലീസിംഗ് എന്താണ് ഉദ്ദേശിക്കുന്നത്?

(A) പോലീസ് സർവ്വീസിൽ എല്ലാ വിഭാഗത്തിലും പെട്ടവരുടെ ന്യായമായ പ്രാതിനിധ്യം

(B) സമൂഹത്തിന് പോലീസ് ചുമതലകൾ ഏൽപ്പിക്കുന്നു

(C) ക്രമസമാധാനം മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാൻ പ്രാദേശിക സമൂഹത്തിന്റെ സഹായം തേടുന്ന പോലീസ്

(D) അന്വേഷണം ഏറ്റെടുക്കുകയും ക്രമസമാധാനം നടപ്പാക്കുകയും ചെയ്യേണ്ട സമൂഹത്തിൽ നിന്നുള്ള പ്രത്യേക പോലീസ് ഉദ്യോഗസ്ഥർ

91. കേരള പോലീസ് ആക്ട് പ്രകാരം പോലീസിന്റെ ചുമതലകൾ ഏതൊക്കെയാണ്?

(A) നിയമം അനുസരിച്ച് കസ്റ്റഡിയിലുള്ള എല്ലാ സ്ത്രീകളുടെയും സംരക്ഷണവും സുരക്ഷയും ഉറപ്പാക്കൽ

(B) നിയമം അനുസരിച്ച് കസ്റ്റഡിയിലുള്ള എല്ലാ പൗരന്മാരുടെയും സംരക്ഷണവും സുരക്ഷയും ഉറപ്പാക്കൽ

(C) റോഡുകൾ, റെയിൽവേ, പാലങ്ങൾ, സുപ്രധാന സ്ഥാപനങ്ങൾ, എന്നിവയുൾപ്പെടെ എല്ലാ പൊതു സ്വത്തുക്കളും സംരക്ഷിക്കൽ

(D) മുകളിൽ പറഞ്ഞവയെല്ലാം

92. ഈ പ്രസ്താവനകളിൽ ഏതാണ് ശരി?

(A) പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കാൻ ഏത് സ്വകാര്യ സ്ഥലത്തും യാതൊരു പരിഗണനയും ഇല്ലാതെ പ്രവേശിക്കാം

(B) സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനത്തിന് പൊതുവായ നയ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന് കേരള പോലീസ് ആക്ട് 2011 സംസ്ഥാന സുരക്ഷാ കമ്മീഷൻ വിഭാവനം ചെയ്യുന്നു

(C) ക്രമസമാധാന പോലീസിൽ നിന്ന് അന്വേഷണ പോലീസിനെ വേർതിരിക്കാൻ പ്രദേശത്തെ ജനസംഖ്യ പരിഗണിച്ച് പോലീസ് മേധാവിക്ക് ഉത്തരവിടാം

(D) ഉത്തരം (A) & (B)

93. നാർകോട്ടിക് ആന്റ് സൈകോട്രോപിക് സബ്സ്റ്റൻസ് ആക്ട് നിലവിൽ വന്ന വർഷം ഏത്?

(A) 1970
(B) 1857
(C) 1985
(D) 1999

94. നാർകോട്ടിക് ആന്റ് സൈകോട്രോപിക് സബ്സ്റ്റൻസ് കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം എത്ര?

(A) 15
(B) 20
(C) 21
(D) 25

95. ഐ.ടി. ആക്ട് നിലവിൽ വന്ന വർഷം ഏത്?

(A) 01.04.2001
(B) 10.03.2000
(C) 07.05.2000
(D) 17.10.2000

96. ഐ.ടി. ആക്ടിൽ സൈബർ ടെറ്റിസം എന്നതിനെ പ്രതിപാദിക്കുന്ന വകുപ്പ് ഏത്?

(A) 66 എ
(B) 66 ബി
(C) 66 ജി
(D) 66 എഫ്

97. പോക്സോ നിയമപ്രകാരം 'കുട്ടി' എന്ന് കണക്കാക്കപ്പെടുന്നത് ആരെ?

(A) 18 വയസ്സിൽ താഴെ
(B) 16 വയസ്സിൽ താഴെ
(C) 21 വയസ്സിൽ താഴെ
(D) 17 വയസ്സിൽ താഴെ

98. പോക്സോ നിയമം അവസാനമായി ഭേദഗതി വരുത്തിയ വർഷം ഏത്?

(A) 2014
(B) 2018
(C) 2019
(D) 2020

99. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ താഴെ പറയുന്നവരിൽ നൽകുന്നത് ആർക്ക്?

(A) പബ്ലിക് റിലേഷൻ ഓഫീസർ
(B) പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
(C) സ്ഥാപന മേധാവി
(D) പബ്ലിക് ഗ്രീവിയൻസ് ഓഫീസർ

100. വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷക്ക് നൽകേണ്ട ഫീസ് :

(A) 10 രൂപ
(B) 50 രൂപ
(C) 20 രൂപ
(D) 100 രൂപ

---

**SPACE FOR ROUGH WORK**

SPACE FOR ROUGH WORK